ശ്രീ. കെ. എം. ജോർജ്ജ്: പ്രിലിമിനറി റിപ്പോർട്ടിലെ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പത്രക്കാർക്ക് നല്കിയതായി പത്രത്തിൽ കണ്ടതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയൊന്നും ഞാൻ പത്രത്തിൽ കണ്ടില്ല. ഞാനതു ആക്കും അതിന്റെ വിവരം കൊടുത്തിട്ടില്ല; അപ്പത്രവുമില്ല.

ഗവണ്മെന്റ് കെട്ടിടങ്ങൾക്ക് വാടക

* 1498. [9] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നല്കുമോ:

(എ) ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റ് കെട്ടിടങ്ങളിൽ താമസിക്കുകയാണെങ്കിൽ അവരിൽനിന്നും വീട്ടുവാടക വസൂലാക്കുന്നത് എന്തടിസ്ഥാനത്തിലാണ്;

(ബി) ഉദ്യോഗസ്ഥന്മാരുടെ പദവി (ക്ലാസ്) അനുസരിച്ച് വസൂലാക്കുന്ന വാടകയുടെ തോതിൽ വല്ല വ്യത്യാസവുമുണ്ടോ;

(സി) വാടകയില്ലാതെ ഗവണ്മെന്റ് കെട്ടിടങ്ങളിൽ താമസിക്കുവാൻ ഉദ്യോഗസ്ഥന്മാരെയോ, അല്ലാത്തവരെയോ കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയിൽ അനുവദിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുറഹിമാൻ): (എ) കെട്ടിടം പണിക്ക് ചെലവായിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള വാടകയോ (അതായത് ചെലവിന്റെ ആറു ശതമാനം വർഷവാടക എന്ന കണക്കിൽ) കെട്ടിടത്തിൽ താമസിക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ പത്തു ശതമാനമോ ഇതിൽ ഏതാണോ കുറവ്, അതു വാടകയിനത്തിൽ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരിൽനിന്നും സാധാരണഗതിയിൽ വസൂലാക്കുന്നുണ്ട്. എന്നാൽ മലബാർ പ്രദേശത്തു 15 രൂപയിൽ താഴെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും അൻപതു നയാപൈസയും, 15-നും 25-നും മധ്യേയുള്ള ശമ്പളക്കാരിൽനിന്നും 1 രൂപയും. 25-നും 35-നും മധ്യേയുള്ള ശമ്പളക്കാരിൽനിന്നും 1.50 രൂപയും, 35-നും 50-നും മധ്യേ ശമ്പളമുള്ളവരിൽനിന്നും 2.50 രൂപയും 50-നു മുകളിൽ ശമ്പളമുള്ളവരിൽനിന്നും 50 രൂപയ്ക്കു മുകളിലുള്ള തുകയോ, പത്തു ശതമാനമോ ഇതിൽ ഏതാണോ ചെറിയ തുക അതും രണ്ടരരൂപയും കൂടി വാടകയിനത്തിൽ ഈടാക്കിവരുന്നു.

(ബി) ഉദ്യോഗസ്ഥന്മാരുടെ പദവി അനുസരിച്ചു വസൂലാക്കുന്ന വാടകയുടെ തോതു വ്യത്യസ്തമല്ലെങ്കിലും, അവർക്കു കൊടുത്ത ഗവണ്മെന്റ് കെട്ടിടങ്ങൾ, അവരുടെ ഉദ്യോഗനില, ശമ്പളം മുതലായവയെ പരിഗണിച്ചിട്ടാണ്.

(സി) ഉണ്ട്. കോട്ടയം ഡിവിഷനിലെ റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കമ്പോണ്ടർമാർക്കും സ്റ്റോർകീപ്പർക്കും വാടകയില്ലാതെയാണ് താമസത്തിനുകൊടുത്തിട്ടുള്ളതു. കൊല്ലത്തു പുതുക്കിപ്പണിത കെട്ടാരം കോമ്പൗണ്ടിലുള്ള രണ്ടു 'എഫ്' ടൈപ്പു കെട്ടിടം അവിടത്തെ സബ്മൈയിൽ സൂപ്രണ്ടിനു വീട്ടുവാടക അലവൻസ് നിരക്കു വാടകയില്ലാതെ കൊടുത്തിട്ടുണ്ട്. കൂടാതെ, ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഒരു ക്ലാർക്കായിരുന്ന ശ്രീ. അയ്യപ്പന്റെ വിധവയെ 11-56 മുതൽ, 3-57 വരെ തിരുവനന്തപുരം എൻ. ജി. ഒ. കോർട്ടേഴ്സിലുള്ള 65-ാംനമ്പർ വീട്ടിൽ വാടകയില്ലാതെ താമസിക്കാൻ അനുവദിച്ചിരുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ ചിലർക്കു പ്രത്യേക പരിഗണന നല്കുവാൻ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. അബ്ദുറഹ്മാൻ: സബ്സിഡിയിൽ സൂപ്രണ്ടിനു് വീട്ടുവാടക അലവൻസിനുപകരമാണു് കെട്ടിടം കൊടുത്തിട്ടുള്ളതു്. മരിച്ചുപോയ ഒരു എൻ. ജി. ഒ. യുടെ ഭാര്യയ്ക്കും കുടുംബത്തിനും താമസിക്കുന്നതിനു് കമ്പാർട്ടുമെന്റിൽ ഒരു കെട്ടിടവും കൂടെ കൊടുക്കാമെന്നു് കൊടുത്തിരുന്നു.

ശ്രീ. ആർ. സുശീലൻ: എം. എൽ. എ. കമ്പാർട്ടുമെന്റിന്റെ വാടകയും ഉദ്യോഗസ്ഥന്മാരുടെ പരിശീലനയുടെ അടിസ്ഥാനത്തിൽ കുറയ്ക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: പ്രതിമാസം മുപ്പതു രൂപയാണു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. ഇനിയും കുറയ്ക്കണമെന്നുള്ള ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. അതു ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: എം. എൽ. എ.-മാരെ ഉദ്യോഗസ്ഥന്മാരായി കണക്കാക്കുമോ?

മി. സ്പീക്കർ: ലജിസ്ലേച്ചർ ഹൗസിംഗ് കമ്മിറ്റി ഈ കാര്യം തീരുമാനിക്കുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ശവണ്ണന്റെ കെട്ടിടങ്ങൾക്കു ഈ തോതു സ്വീകരിച്ചതു് എന്നാണു്?

ശ്രീ. ടി. അബ്ദുറഹ്മാൻ: കുറെ മുമ്പാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: പതിനഞ്ചു രൂപ ശമ്പളം കിട്ടുന്ന ഉദ്യോഗസ്ഥന്മാർ ഇന്നു് സ്റ്റേറിലുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: ഇപ്പോൾ ഇല്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു് അടുത്തകാലത്തുണ്ടായതല്ലെന്നുള്ള കാര്യം അറിയാമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: വളരെ മുൻപേ ശവണ്ണന്റെ കെട്ടിടങ്ങൾ ഉണ്ടു്; അതിൽ താമസിക്കുന്ന ആളുകളുമുണ്ടു്.

കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം

* 1499. [10] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യം നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം സംബന്ധിച്ചു് നിയമിക്കപ്പെട്ട കമ്മിഷൻ എന്നു റിപ്പോർട്ടു സമർപ്പിച്ചു;

(ബി) ടി കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ വെളിച്ചത്തിൽ കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം ചെയ്യാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്നത്തേക്കു നടപ്പിൽവരുത്തും?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 1958 ആഗസ്റ്റു് മാസത്തിൽ.

(ബി) ഉണ്ടു്.

(സി) കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നാണു് ശവണ്ണൻ ആഗ്രഹിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly